ശ്രീ. പി. ജെ. ജോസഫ് : ജർമ്മനി, റോം, യു.കെ, അമേരിക്ക, ബഹറൈൻ, കുവൈറ്റ്, ജർമ്മനി, നെതർലാന്റ്, സ്വിറ്റ്സർലാന്റ്, യു.എ.ഇ.,ഇറ്റലി, ദോഹ, ദുബായ്

ശ്രീ.ടി. കെ. രാമകൃഷ്ണൻ : ജർമ്മനി, യു.കെ, കുവൈറ്റ്, അമേരിക്ക

ശ്രീ.പിണറായി വിജയൻ (മുൻമന്ത്രി) : കാനഡ, ഫ്രാൻസ്, ഇറ്റലി, ചൈന, സിംഗപ്പൂർ, അമേരിക്ക

ശ്രീ. എ. സി. ഷൺമുഖദാസ് (മുൻ മന്ത്രി) : അമേരിക്ക

ശ്രീ. കെ. രാധാകൃഷ്ണൻ : ക്യൂബ

ശ്രീ. കെ. ഇ. ഇസ്മായിൽ : ഖത്തർ (ദോഹ), യു.എ.ഇ., കുവൈറ്റ്, ദുബായ്, അബുദാബി

ശ്രീ. പി. ആർ. കുറുപ്പ് (മുൻ മന്ത്രി) : അമേരിക്ക, ജർമ്മനി, നെതർലാന്റ്, സ്വീഡൻ

ശ്രീമതി സുശീലാ ഗോപാലൻ : ഈജിപ്ത് (കെയ്റോ), വിയറ്റ്നാം (ഹാനോയ്) ദുബായ്, അബുദാബി, മസ്കറ്റ്

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അബുദാബി, ദുബായ്, ദോഹ, ഇസ്രയേൽ

ശ്രീ. ടി. ശിവദാസമേനോൻ : അബുദാബി, ദുബായ്, ദോഹ, ബഹറൈൻ, കുവൈറ്റ്, മസ്കറ്റ്

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

മന്ത്രിമാരുടെ വിദേശപര്യടനം

10 (10) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തേയ്ക്ക് വിദേശ നിക്ഷേപം ആകർഷിക്കുക എന്ന ഉദ്ദേശത്തോടു കൂടി ഏതെല്ലാം സംസ്ഥാന മന്ത്രിമാർ എത്ര പ്രവാശ്യം വീതം വിദേശ പര്യടനം നടത്തി;

(ബി) ഏതെല്ലാം വിദേശ രാജ്യങ്ങളാണ് ഇവർ സന്ദർശിച്ചത്;

(സി) ഇവർ വിദേശ പര്യടനം നടത്തിയപ്പോൾ ആരെല്ലാമായി ധാരണാ പത്രങ്ങൾ ഒപ്പു വച്ചു;

(ഡി) സംസ്ഥാനത്ത് നിക്ഷേപം നടത്താമെന്ന് ഈ മന്ത്രിമാർക്ക് ആരെല്ലാം ഉറപ്പു നൽകി;

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിന്റെ ഫലമായി സംസ്ഥാനത്ത് എന്തു തുകയ്ക്കുള്ള വിദേശ നിക്ഷേപം ഉണ്ടായി;

(എഫ്) സംസ്ഥാനത്തേയ്ക്ക് വിദേശ നിക്ഷേപം ആകർഷിക്കുക എന്ന ഉദ്ദേശത്തോടു കൂടി വിദേശ പര്യടനം നടത്തിയ മന്ത്രിമാർ ഡി.എ., ടി.എ., എന്നീ ഇനങ്ങളിൽ എന്തു തുക പറ്റി;

(ജി) പ്രസ്തുത മന്ത്രിമാരെ അനുയാത്ര ചെയ്ത ഉദ്യോഗസ്ഥാൻമാർ ഡി.എ., ടി.എ., ഇനത്തിൽ എന്തു തുക പറ്റി;

(എച്ച്) സംസ്ഥാനത്തേയ്ക്ക് വിദേശ നിക്ഷേപം ആകർഷിക്കുക എന്ന ഉദ്ദേശത്തോടു കൂടിയല്ലാതെ ഏതെല്ലാം മന്ത്രിമാർ എത്ര പ്രാവശ്യം വീതം വിദേശ സന്ദർശനം നടത്തി;

(ഐ) ഇവർ ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചു എന്തെല്ലാം പഠനം നടത്തി ;

(ജെ) ഇവരുടെ പഠന പര്യടന ഫലമായി ഇവർ ഭരണ സാരഥ്യം വഹിക്കുന്ന വകുപ്പുകളിൽ എന്തെല്ലാം പരിഷ്കാരം വരുത്തി;

(കെ) ഇവരും ഇവരെ അനുയാത്ര ചെയ്ത ഉദ്യോഗസ്ഥരും വിദേശ പര്യടനത്തിനായി ടി.എ., ഡി.എ, ഇനത്തിൽ എന്തു തുക പറ്റി?

ഉത്തരം

(എ) വിദേശ പര്യടനം നടത്തിയ എല്ലാ മന്ത്രിമാരുടേയും ഉദ്ദേശം വ്യത്യസ്ത വികസന മേഖലകളിൽ കേരളത്തിന്റെ ഉന്നതിയായിരുന്നു. വിദേശ യാത്ര സംബന്ധിച്ച് വിവരങ്ങൾ താഴെക്കൊടുക്കുന്നു.

(ബി) 1. മുഖ്യമന്ത്രി ; 5 പ്രവശ്യം

അമേരിക്ക,ജർമ്മനി, നെതർലാന്റ്, യു.എ.ഇ., കാനഡ, ഫ്രാൻസ്, ഇറ്റലി, ദോഹ, ഒമാൻ, മസ്കറ്റ്, അബുദാബി, ദുബായ്,കുവൈറ്റ്

2. ശ്രീ. പി. ജെ. ജോസഫ് : 5 പ്രവാശ്യം

റോം, ലണ്ടൻ, അമേരിക്ക, ബഹറൈൻ, കുവൈറ്റ്, ജർമ്മനി, നെതർലാന്റ്, സ്വിറ്റ്സർലാന്റ്, യു.എ.ഇ.,ഇറ്റലി, ദോഹ, ദുബായ്

3. ശ്രീ.ടി. കെ. രാമകൃഷ്ണൻ : 4 പ്രവാവശ്യം

ജർമ്മനി, ലണ്ടൻ, കുവൈറ്റ്, അമേരിക്ക

4. ശ്രീ.പിണറായി വിജയൻ : 3 പ്രാവശ്യം

കാനഡ, ഫ്രാൻസ്, ഇറ്റലി, ചൈന, സിംഗപ്പൂർ, അമേരിക്ക

5. ശ്രീ. എ. സി. ഷൺമുഖദാസ് (മുൻ മന്ത്രി) : ഒരു പ്രാവശ്യം

അമേരിക്ക

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. കെ. രാധാകൃഷ്ണൻ : ഒരു പ്രാവശ്യം

ക്യൂബ

7. ശ്രീ. കെ. ഇ. ഇസ്മയിൽ : 3 പ്രാവശ്യം

ഖത്തർ (ദോഹ), യു.എ.ഇ., കുവൈറ്റ്, ദുബായ്, അബുദാബി

8. ശ്രീ. പി. ആർ. കുറുപ്പ് (മുൻ മന്ത്രി) : ഒരു പ്രാവശ്യം

അമേരിക്ക, ജർമ്മനി, നെതർലാന്റ്, സ്വീഡൻ

9. ശ്രീമതി സുശീലാ ഗോപാലൻ : 3 പ്രാവശ്യം

ഈജിപ്ത് (കെയ്റോ), വിയറ്റ്നാം (ഹാനോയ്) ദുബായ്, അബുദാബി, മസ്കറ്റ്

10. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : 2 പ്രാവശ്യം

അബുദാബി, ദുബായ്, ദോഹ, ഇസ്രായേൽ

11. ശ്രീ. ടി. ശിവദാസമേനോൻ : ഒരു പ്രാവശ്യം

അബുദാബി, ദുബായ്, ദോഹ, , ബഹറൈൻ,കുവൈറ്റ്, മസ്കറ്റ്

ഉത്തരം

(ബി-എഫ്) വിവരം ശേഖരിച്ചു വരുന്നു.
(ജി-കെ) വിവരം ശേഖരിച്ചു വരുന്നു.

സെക്രട്ടേറിയറ്റ് വളപ്പിൽ നിർമ്മിക്കുന്ന സ്മാരകം

11 (11) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സെക്രട്ടേറിയറ്റ് വളപ്പിൽ എന്തെങ്കിലും സ്മാരകം നിർമ്മിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്തിന്റെ സ്മാരകമാണെന്ന് പറയുമോ ;

(സി) ഈ സ്മാരകം രൂപകല്പന ചെയ്തതാരാണ് ;

(ഡി) ഈ സ്മാരകം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) അതിന്റെ ബ്ലൂ പ്രിന്റിന്റെ കോപ്പി ലഭ്യമാക്കുമോ ;

(എഫ്) ഇതിന്റെ നിർമ്മാണത്തിന് ടെൻണ്ടർ വിളിച്ചിരുന്നുവോ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ജി) ഇതിന് എന്തു ചെലവ് പ്രതീക്ഷിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly